"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷനിൽ കണ്ടിജന്റ് പാർട്ട് ടൈം ശുചീകരണ തൊഴിലാളിയായി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീമതി ലത എ.വി, ടിയാളെ 70 വയസ് വരെ സർവീസിൽ തുടരാൻ അനുവദിക്കുന്നതിനും ടിയാളുടെ ഡി.എൽ.ആർ/സി.എൽ.ആർ സേവന കാലയളവ് പെൻഷൻ അനുവദിക്കുന്നതിനായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു:ഹൈ കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) നമ്പർ 35584/2025 കേസിലെ 17/03/2026 തീയതിയിലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1106/2026/LSGD                    തീയതി,തിരുവനന്തപുരം, 08-06-2026

---

പരാമർശം:-

1. ബഹു:ഹൈ കോടതിയുടെ WP(C) നമ്പർ 35584/2025 ഹർജിയിലെ 17/03/2026 തീയതിയിലെ വിധിന്യായം.
2. ശ്രീമതി ലത എ.വി സർക്കാർ മുൻപാകെ സമർപ്പിച്ച 30.03.2026 തീയതിയിലെ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ 08/05/2026 തീയതിയിലെ LSGD/PD/30025/2025-LL4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷനിൽ കണ്ടിജന്റ് പാർട്ട് ടൈം ശുചീകരണ തൊഴിലാളിയായി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീമതി ലത എ.വി, ടിയാളെ 70 വയസ് വരെ സർവീസിൽ തുടരാൻ അനുവദിക്കണമെന്നും ടിയാളുടെ ഡി.എൽ.ആർ/സി.എൽ.ആർ സേവന കാലയളവ് പെൻഷൻ അനുവദിക്കുന്നതിനായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത WP(C) നമ്പർ 35584/2025 ഹർജിയിലെ ഹർജിക്കാരി ഒരു ആഴ്ചയ്ക്കകം ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കുന്ന പക്ഷം, ഒന്നാം എതിർകക്ഷി അതു പരിഗണിച്ച് 31.05.2026 തീയതിക്കകം യോജിച്ച തീരുമാനം കൈക്കൊള്ളണമെന്ന് ബഹു. ഹൈക്കോടതി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2. ഹർജിക്കാരി പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ, ടിയാൾക്ക് 2021 ലാണ് സ്ഥിരനിയമനം ലഭിച്ചിട്ടുള്ളതെന്നും 60 വയസിൽ റിട്ടയർ ചെയ്താൽ ടിയാൾക്ക് മിനിമം പെൻഷൻ ലഭിക്കില്ലെന്നും പാർട്ട്-ടൈം കണ്ടിജന്റ് വർക്കറുടെ വിരമിക്കൽ പ്രായം കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നത് 70 വയസാണ് എന്നതിനാൽ, ടിയാന്റെ വിരമിക്കൽ കാലാവധി 70 വയസ് ആക്കി നിശ്ചയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

3. ഈ വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിൽ, നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 04.05.2000-തീയതിയിലെ GO(Ms) 127/2000/LSGD

നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം തസ്തികകളെ കാറ്റഗറി (സ്കിൽഡ് വർക്കേഴ്സ്), കാറ്റഗറി 2 (സാനിറ്റേഷൻ വർക്കേഴ്സ്) എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുള്ളതാണ് എന്നും ആയതിൽ കാറ്റഗറി 2 -ൽ ഉൾപ്പെടുന്ന സാനിറ്റേഷൻ വർക്കർ തസ്തികയിലാണ് ഹർജിക്കാരിക്ക് , കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 22.02.2021-ലെ 140113/016443/2017നമ്പർ ഉത്തരവ് പ്രകാരം 17000-37500 (PR) ശമ്പള സ്കെയിലിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതെന്നും നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സാണ് എന്നും ടി സാഹചര്യത്തിൽ പെൻഷൻ പ്രായം 60-ൽ നിന്നും 70 വയസ്സായി ഉയർത്തണമെന്നുള്ള ആവശ്യം പരിഗണിക്കാൻ കഴിയാത്തതാണ് എന്നും കൂടാതെ നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾ മുടക്കമില്ലാതെ നടത്തുന്നതിന് വേണ്ടി താൽക്കാലികമായി നിയമിതയാകുകയും പിന്നീട് 22.02.2021 മുതൽ സ്ഥിരനിയമനം ലഭിക്കുകയും ചെയ്തയാളാണ് ഹർജിക്കാരി എന്നതിനാലും കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ഒരു നിശ്ചിത ജോലിക്കായി നിയമിക്കപ്പെടുന്നവർക്ക് ആ കാലയളവിലെ പെൻഷൻ അവകാശപ്പെടാനാവില്ലായെന്ന് കെ.എസ്.ആർ ഭാഗം 3 ചട്ടം 4 അനുശാസിക്കുന്ന എന്നതിനാലും, താൽക്കാലികമായി സി.എൽ.ആർ തൊഴിലാളിയായി ജോലിചെയ്തിരുന്ന ദിവസവേതന കാലയളവ് നഗരസഭയിലെ സ്ഥിരം കണ്ടിജന്റ് സർവീസിനൊപ്പം ചേർത്ത് പെൻഷന് കണക്കാക്കണമെന്നുള്ള ഹർജിക്കാരിയുടെ ആവശ്യവും അംഗീകരിക്കാൻ നിർവാഹമില്ലാത്തതാണെന്നും അറിയിച്ചിരിക്കുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുൻ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വിശദാംശങ്ങളുടെ വെളിച്ചത്തിൽ, ഹർജിക്കാരിയുടെ വിരമിക്കൽ പ്രായം 70 വയസ് ആക്കി നിശ്ചയിച്ച് നൽകണമെന്ന പരാമർശം (2) നിവേദനത്തിലെ ആവശ്യം നിരസിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) പരാമർശം (1) ലെ ബഹു.കേരള ഹൈ കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
LATHA A.V. @ LATHA, W/O. DHARMAJAN, EDANILATH HOUSE, VALLARPADOM P.O ERNAKULAM, PIN - 682504
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(EU3/239/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 08-06-2026 12:29:49
സെക്ഷൻ ഓഫീസർ